**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **04-02-2026 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ തറവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബറിന്റെ തറവില ഉയർത്താത്തത് മൂലം കേരളത്തിലെ റബ്ബർ കർഷകർ കഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കാൻ റബ്ബറിന്റെ തറവില 250 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | റബർ കൃഷിയിലെ ഉൽപാദന ചെലവ് വർദ്ധിക്കുകയും, പ്രായാധിക്യം മൂലം റബ്ബർ മരങ്ങളുടെ ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്ന സാഹചര്യം സർക്കാർ ഗൗരവമായി വിലയിരുത്തിയിട്ടുണ്ട്.<br><br>റബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) വഴിയുള്ള ധനസഹായം 01/11/2025 മുതൽ 200 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട് .<br><br>റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് പല തവണ നേരിട്ടും കത്തു മുഖാന്തിരവും അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും പരിഗണിച്ചിട്ടില്ല . |
| (ബി) | റബ്ബർ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമവും റബ്ബറിന്റെ വിലയിടിവും വളത്തിന്റെ വിലയിൽ ഉണ്ടായ വർധനവും മൂലം റബ്ബർ കൃഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ വന്നിട്ടുള്ള കുറവ് എത്രയെന്ന് ഹെക്ടർ അടിസ്ഥാനത്തിൽ വിശദമാക്കാമോ ? | (ബി) | 2013-14 മുതൽ 2024-25 വരെയുള്ള കാലയളവിൽ കേരളത്തിലെ റബ്ബർ കൃഷി വിസ്തീർണ്ണത്തിൽ ആദ്യ വർഷങ്ങളിൽ വർദ്ധന ഉണ്ടായതായും, പിന്നീട് വർഷങ്ങളിൽ ചെറിയ തോതിൽ കുറവ് ഉണ്ടായതായും കണക്കുകൾ സൂചിപ്പിക്കുന്നു. പ്രസ്തുത കണക്കുകൾ **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2013-14 മുതൽ 2024-25 വരെയുള്ള കാലയളവിൽ കേരളത്തിലെ റബ്ബർ കൃഷി വിസ്തീർണ്ണം.**

| **വർഷം** | **വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|
| 2013-14 | 548225 |
| 2014-15 | 549955 |
| 2015-16 | 550840 |
| 2016-17 | 551050 |
| 2017-18 | 551115 |
| 2018-19 | 551200 |
| 2019-20 | 551030 |
| 2020-21 | 550650 |
| 2021-22 | 550000 |
| 2022-23 | 549780 |
| 2023-24 | 548300 |
| 2024-25(Provisional) | 547740 |

**സെക്ഷൻ ഓഫീസർ**